ഉത്തരം

(എ) ഇല്ല. തകർന്ന പാലത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്ത് പുനർനിർമ്മാണ പ്രവൃത്തി തുടങ്ങുവാൻ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) മാടക്കാൽ ടൗണിലെ വൃക്ഷപാലം തകർന്നതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നഷ്ടം സംഭവിച്ചതിൽ വ്യക്തത വരുത്തി തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം

200 (1282) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച ആലപ്പുഴ ജില്ലയിലെ റോഡുകൾക്ക് തുക അനുവദിക്കുന്നതിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര നിർമ്മാണ പ്രവൃത്തികൾക്ക് എത്ര രൂപ വീതം കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കാലവർഷത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഈ സാമ്പത്തിക വർഷം പുതിയ പ്രൊപ്പോസലുകൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ വർഷം ആകെ '2 കോടി' രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) റോഡ് പുനരുദ്ധാരണത്തിന് ആകെ 97 പ്രവൃത്തികളിലായി 4,81,15,528 (നാല് കോടി എൺപത്തിയൊന്ന് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിയെട്ട് രൂപാ മാത്രം) രൂപ കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഓരോ വർഷവും കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ധനസഹായം ലഭിക്കുന്ന മുറയ്ക്ക്, അതത് വർഷങ്ങളിൽതന്നെ ഭരണാനുമതി നല്കി വരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly